പതിമൂന്നാം കേരള നിയമസഭ
പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 1040

03.12.2014-ലെ മറുപടിയ്ക്ക്

**പൊൻമുടി ടൂറിസ്റ്റ് കേന്ദ്രത്തിലെ വികസന പ്രവർത്തനങ്ങൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കോലിയക്കോട് എൻ.കൃഷ്ണൻ നായർ | **ശ്രീ.എ.പി.അനിൽകുമാർ** (പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊൻമുടി ടൂറിസ്റ്റ് കേന്ദ്രത്തിൽ എന്തെല്ലാം വികസന പ്രവർത്തനങ്ങൾ നടത്തി യിട്ടുണ്ടെന്നും അവയ്ക്ക് ചെലവാക്കിയ തുക എത്രയാണെന്നും അറിയിക്കുമോ; | (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊൻമുടി ടൂറിസ്റ്റ് കേന്ദ്രത്തിൽ നിലവിലുള്ള സർക്കാർ അതിഥി മന്ദിരം നവീകരിക്കുന്നതിനായി 14.08.2014-ൽ 44ലക്ഷം രൂപയുടെ ഭരണാനുമതി നൽകി മുഴുവൻ തുകയും ഡെപ്പോസിറ്റ് ചെയ്തിട്ടുമുണ്ട്. കൂടാതെ പൊൻമുടി ഗസ്റ്റ്ഹൗസിൽ പുതിയ ബ്ലോക്ക് നിർമ്മിക്കുന്നതിന് 3 കോടി 77 ലക്ഷം രൂപയുടെ ഭരണാനുമതി 29.03.2012-ൽ നൽകിയിട്ടുണ്ട്. ആയതിന്റെ ടെൻഡർ നടപടികൾ പൂർത്തീ കരിക്കുകയും നിർമ്മാണ പ്രവർത്ത നങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ പൊൻമുടി ടൂറിസ്റ്റ് കേന്ദ്രത്തിൽ 90 ലക്ഷം രൂപ ചെലവിൽ അമിനിറ്റി സെന്ററിന്റെയും ചിൽഡ്രൺസ് പാർക്കി ന്റെയും പ്രവർത്തികൾ പൂർത്തീകരിച്ചു. |
| (ബി) ടൂറിസ്റ്റുകൾക്ക് പൊൻമുടിയിൽ നിലവിൽ എന്തെല്ലാം സൗകര്യ ങ്ങളാണ് ഒരുക്കിയിട്ടുള്ളതെന്ന് വിശദമാക്കുമോ; | (ബി) ടൂറിസ്റ്റുകൾക്കായി പൊൻമുടിയിൽ നിലവിൽ സർക്കാർ അതിഥി മന്ദിരത്തിൽ താമസം, ഭക്ഷണം എന്നീ സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. കൂടാതെ പൊൻമുടി വിനോദസഞ്ചാര വികസനത്തിന് കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക സഹായത്തോടെ Destination |

Development of Ponmudi എന്ന പേരിൽ ഒരു പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. അതിൽ കുട്ടികളുടെ കളിസ്ഥലം ഓപ്പൺ എയർ ഓഡിറ്റോറിയം, റോഡ് ലാന്റ് സ്കേപ്പിംഗ്, വൈദ്യുതീകരണം തുടങ്ങിയവ ഉൾപ്പെടുന്നു.

(സി) പൊൻമുടിയിലേയ്ക്ക് വിനോദ സഞ്ചാരികളെ ആകർഷിക്കുന്നതിനും ടൂറിസം വികസനത്തിനും വേണ്ടി എന്തെങ്കിലും നൂതന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് ആലോചിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

പൊൻമുടിയുടെ സമഗ്ര വികസനത്തിനായി ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന് ടാറ്റ കൺസൾട്ടൻസി സർവ്വീസസ് എന്ന ഏജൻസിയെ ഏൽപിച്ചിട്ടുണ്ട്. പ്രസ്തുത ഏജൻസി പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ